<u>ഭരണഭാഷ മാതൃഭാഷ</u>

NO TO DRUGS

**പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**
**ഹയർ സെക്കന്ററി വിഭാഗം.**
**ജഗതി, തിരുവനന്തപുരം**
**ഇ-മെയിൽ - jdacad@gmail.com**
**ഫോൺ : 0471-2580738**

**നമ്പർ : HSE/776/2025-ACD SPL4** **തീയതി : 23-07-2025**

## <u>സർക്കുലർ</u>

വിഷയം : പൊ.വി.വ - ഹ.സെ.വി - **2025-26** അധ്യയന വർഷത്തെ വിദ്യാഭ്യാസ കലണ്ടറിന്റെ വിതരണം - ആർ.ഡി.ഡി - മാർ പാലിക്കേണ്ട അടിയന്തിര നടപടിക്രമങ്ങൾ - സംബന്ധിച്ച്

**2025-26** അധ്യയന വർഷത്തെ അക്കാദമിക് കലണ്ടർ പൊതുവിദ്യാദ്യാസ വകുപ്പ് മുഖേന ഹയർസെക്കൻ്ററി വിഭാഗത്തിന്റെ വിവിധ ആർ.ഡി.ഡികളിൽ ലഭ്യാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട ആർ.ഡി.ഡിമാർ പ്രസ്തുത കലണ്ടറുകളുടെ വിതരണം, ധനവിനിയോഗം, സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കൽ എന്നിവ സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ അടിയന്തിരമായി പാലിക്കേണ്ടതാണ്.

**1.** **2025-26** അധ്യയന വർഷത്തെ അക്കാദമിക് കലണ്ടറിൻ്റെ വില (**1** എണ്ണം) **60** രൂപയായി നിശ്ചയിട്ടുള്ളതാണ്. സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് വ്യത്യാസമില്ലാതെ ഹയർസെക്കന്ററി സ്കൂളുകളെല്ലാം കലണ്ടർ വാങ്ങേണ്ടതാണ്.

**2.** സർക്കാർ സ്കൂകൂളുകൾക്ക് സൗജന്യമായും, എയ്ഡഡ്, അൺ-എയ്ഡഡ് സ്കൂകൂളുകൾക്ക് വില ഈടാക്കിയുമാണ് വിതരണം ചെയ്യേണ്ടത്.

**3.** സർക്കാർ സ്കൂളുകൾക്ക് ഓരോ കലണ്ടർ വീതവും എയ്ഡഡ്, അൺ-എയ്ഡഡ് സ്കൂകൂളുകൾക്ക് വിലയുടെ അടിസ്ഥാനത്തിൽ' ആവശ്യമുള്ളത്രയും കലണ്ടറുകൾ വിതരണം ചെയ്യാവുന്നതാണ്.

**4.** എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിൽ നിന്നും കലണ്ടറിന്റെ വിതരണ ഇനത്തിൽ ലഭിക്കുന്ന ആകെ തുക ബന്ധപ്പെട്ട ആർ.ഡി.ഡി മാർ ശേഖരിക്കുകയും, ടി തുക **0202-01-102-97(03) Other Receipts** എന്ന ശീർഷകത്തിൽ ഒടുക്കേണ്ടതും ചെല്ലാൻ്റെ പകർപ്പ് പൊതുവിദ്യാഭ്യാസ വകുപ്പിലെ ഹയർസെക്കന്ററി വിഭാഗം (അക്കാദമിക് സ്പെഷ്യൽ സെൽ) - ൽ തപാൽ മുഖേനയും **jdacad@gmail.com** എന്ന വിലാസത്തിലും യഥാസമയം ലഭ്യമാക്കേണ്ടതാണ്.

**5.** ആകെ ലഭിച്ച കലണ്ടറുകളുടെ എണ്ണം, വിതരണം ചെയ്തത് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

**6.** കലണ്ടറുകളുടെ വിതരണം എല്ലാ സ്കൂളുകളിലും എത്രയും വേഗം തന്നെ പൂർത്തിയാക്കേണ്ടതാണ്.

Signed by
Shajitha S
Date: 23-07-2025 12:54:18
ജോയിന്റ് ഡയറക്ടർ (അക്കാദമിക്)

**1.എല്ലാ മേഖല ഉപമേധാവിമാർക്കും**
**2.എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും**

•